# നീര പ്രോത്സാഹിപ്പിക്കണം: ഹൈക്കോടതി

കൊച്ചി: പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തു നീര യുടെ ഉൽപാദനവും വിപണനവും സർക്കാർ പ്രോത്സാഹിപ്പിക്കണമെന്നു ഹൈക്കോടതി.

ഇക്കാര്യത്തിൽ അയൽ സംസ്ഥാനമായ തമിഴ്നാടിനെയും ശ്രീലങ്കയെയും മാതൃകയാക്കാവുന്നതാണെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് അഭിപ്രായപ്പെട്ടു.

മദ്യനയ രൂപീകരണത്തിനായുള്ള ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മിഷന്റെ ശിപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ബേസിൽ അട്ടിപ്പേറ്റി സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് കോടതി നിരീക്ഷണം. മദ്യനയം വിശദീകരിച്ചു പത്രിക സമർപ്പിക്കാൻ കോടതി സർക്കാരിനു നിർദേശം നൽകി.